# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി8/554/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 31/03/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : തോടന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തോടന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ, കോഴിക്കോട്.
3)കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി8/554/2022 തീയ്യതി: 31/03/2022

## കോഴിക്കോട് ജില്ലയിലെ തോടന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ തോടന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.പ്യാരിലാൽ.ടി.സി | ജോയിന്റ് ഡയറക്ടർ | 23-03-2022 | 26-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 23-03-2022 | 26-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. തൈക്കണ്ടി സുമ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.രാജ്കുമാർ.ജി | സെക്രട്ടറി | 01-04-2019 | 22-06-2019 |

| | | | |
|---|---|---|---|
| ശ്രീ.ജോബി സാലസ് | സെക്രട്ടറി | 23-06-2019 | 03-08-2019 |
| ശ്രീ.മനോജ്കുമാർ.എ.ടി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 04-08-2019 | 15-09-2019 |
| ശ്രീ.ജോബി സാലസ് | സെക്രട്ടറി | 16-09-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.തസ്ലീന.എൻ.പി | സി.ഡി.പി.ഒ | 01-04-2019 | 31-03-2020 |
| ഡോ.ഉഷ നടുവിലക്കണ്ടിയിൽ | മെഡിക്കൽഓഫീസർ, സി എച്ച് സി, തിരുവള്ളൂർ | 01-04-2019 | 31-03-2020 |
| ശ്രീമതി. നസീമ.കെ.കെ, | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2019 | 31-03-2020 |
| ശ്രീ അനൂപ് ഷിനു | വ്യവസായ വികസന ഓഫീസർ | 01-04-2019 | 05-05-2019 |
| ശ്രീമതി.വിദ്യ | വ്യവസായ വികസന ഓഫീസർ | 06-05-2019 | 06-06-2019 |
| ശ്രീ അനൂപ് ഷിനു | വ്യവസായ വികസന ഓഫീസർ | 06-06-2019 | 31-03-2020 |
| ശ്രീമതി .സിന്ധു.എൻ | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2019 | 08-08-2019 |
| ശ്രീ.ശ്രീശൻ.പി.എൻ | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ | 08-08-2019 | 19-08-2019 |
| ശ്രീ.അബ്ദുൾ സലീം | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ | 19-08-2019 | 16-09-2019 |
| ശ്രീ.ശ്രീശൻ.പി.എൻ | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ | 16-09-2019 | 19-09-2019 |
| ശ്രീമതി.സീജ.എൻ.പി | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ | 19-09-2019 | 31-03-2020 |
| ശ്രീമതി.രാഗിന.കെ.ജി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 15-01-2020 |
| ശ്രീമതി.നിമ്മി ഷാജി | അസിസ്റ്റന്റ് എഞ്ചിനീയർ | 15-01-2020 | 22-01-2020 |
| ശ്രീമതി.ശില്പ പ്രസാദ് | അസിസ്റ്റന്റ് എഞ്ചിനീയർ | 22-01-2020 | 15-02-2020 |
| ശ്രീമതി.വിൻസി വിജയൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 15-02-2020 | 31-03-2020 |
| ശ്രീ.അരുൺ ജ്യോതി | പട്ടികജാതി വികസന ഓഫീസർ | 01-04-2019 | 09-02-2020 |

| | | | |
|---|---|---|---|
| ശ്രീമതി.പ്രീത.എം.പി | പട്ടികജാതി വികസന ഓഫീസർ | 10-02-2020 | 31-03-2020 |
| ശ്രീ.മാർട്ടിൻ സനൽകുമാർ.ജി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jisha.P (Auditor, On 24-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 31-03-2022) | 1-1 |
| 2 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Jisha.P (Auditor, On 25-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 31-03-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Jisha.P (Auditor, On 24-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 31-03-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Jisha.P (Auditor, On 24-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 31-03-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Jisha.P (Auditor, On 24-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 31-03-2022) | 1-5 |
| 6 | ഇന്ദിരാ ആവാസ് യോജന – വായ്പയും പലിശവും തിരിച്ചടയ്ക്കുന്നത് - സർക്കാർ ഉത്തരവിലെ നിർദ്ദേശം പാലിച്ചില്ല.<br>Written By: Hari. K.P (Audit Officer (HG), On 26-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 31-03-2022) | 1-6 |
| 7 | ടി.എസ്.പി. ഫണ്ട് തിരിച്ചടച്ചു - നടപടി ശരിയല്ല.<br>Written By: Hari. K.P (Audit Officer (HG), On 26-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 31-03-2022) | 1-7 |
| 8 | പയംകുറ്റിമല സാനിറ്റേഷൻ ആന്റ് കംഫർട്ട് സ്റ്റേഷൻ - അഡ്വാൻസ് അഡ്ജസ്റ്റ് ചെയ്യാത്തതും, ആസൂത്രണമില്ലായ്മയും<br>Written By: Jisha Samuel (Asst. Audit Officer, On 26-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 31-03-2022) | 1-8 |
| 9 | കൃത്യമായ അന്വേഷണം നടത്താതെ പ്രവൃത്തി ഏൽപ്പിച്ചു- പ്രവൃത്തി നിർവ്വഹണത്തിൽ കാലതാമസം -പിഴ ഈടാക്കിയില്ല<br>Written By: Jisha Samuel (Asst. Audit Officer, On 26-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 31-03-2022) | 1-9 |
| 10 | പമ്പ് ഹൗസ് കാളിവയൽ റോഡ് -ആവശ്യകത ഉറപ്പാക്കാതെ പദ്ധതി തയ്യാറാക്കിയതും മറ്റപാകതകളും<br>Written By: Jisha Samuel (Asst. Audit Officer, On 26-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 31-03-2022) | 1-10 |
| 11 | പദ്ധതി രൂപീകരണ നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Jisha Samuel (Asst. Audit Officer, On 26-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 31-03-2022) | 1-11 |
| 12 | ഭിന്നശേഷിക്കാർക്ക് മുച്ചക്രവാഹനം പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Shyna A.K (Asst. Audit Officer, On 26-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 31-03-2022) | 1-12 |
| 13 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Shyna A.K (Asst. Audit Officer, On 26-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 31-03-2022) | 1-13 |
| 14 | പ്രദർശന മാതൃകാ കൃഷിത്തോട്ടംപദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Shyna A.K (Asst. Audit Officer, On 26-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 31-03-2022) | 1-14 |
| 15 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-15 |

| | | |
|---|---|---|
| | Written By: Afsal T.M (Auditor, On 25-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 31-03-2022) | |
| 16 | ചെറുകിട വ്യവസായ മേഖലയിലെ പദ്ധതി നിർവ്വഹണം കാര്യക്ഷമമല്ല<br>Written By: Afsal T.M (Auditor, On 25-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 31-03-2022) | 1-16 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | പയംകുറ്റിമല സാനിറ്റേഷൻ ആന്റ് കംഫർട്ട് സ്റ്റേഷൻ - അഡ്വാൻസ് അഡ്ജസ്റ്റ് ചെയ്യാതെ ഫൈനൽ ബിൽ നൽകി<br>Written By: Jisha Samuel (Asst. Audit Officer, On 26-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 31-03-2022) | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Jisha.P (Auditor, On 25-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 31-03-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jisha.P (Auditor, On 25-03-2022)<br>Last Updated By: Jisha.P (Auditor, On 25-03-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jisha.P (Auditor, On 25-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 31-03-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Jisha.P (Auditor, On 25-03-2022)<br>Last Updated By: Jisha.P (Auditor, On 25-03-2022) | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: Jisha.P (Auditor, On 25-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 31-03-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Jisha.P (Auditor, On 25-03-2022)<br>Last Updated By: Jisha.P (Auditor, On 25-03-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jisha.P (Auditor, On 25-03-2022)<br>Last Updated By: Jisha.P (Auditor, On 25-03-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Jisha.P (Auditor, On 25-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 31-03-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Jisha.P (Auditor, On 25-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 31-03-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jisha.P (Auditor, On 25-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 31-03-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Jisha.P (Auditor, On 25-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 31-03-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 16.2.19 തിയ്യതിയിലെ 1(2) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച 2019-20 വർഷത്തെ ബജറ്റിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. പുതുക്കിയ ബജറ്റ് 25.03.2020 ലെ ഭരണസമിതി തീരുമാന നമ്പർ 1(1) പ്രകാരവും അംഗീകരിച്ചു. അംഗീകരിക്കപ്പെട്ട ബജറ്റിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 18078318 |
| വരവ് | 63518796 |
| ചെലവ് | 64257791 |
| നീക്കിയിരിപ്പ് | 17339323 |

1994 ലെ കേരളപഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 214, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബജറ്റ് മാന്വൽ എന്നിവ പ്രകാരം ബജറ്റ് തയ്യാറാക്കുമ്പോൾ ചുവടെ ചേർക്കുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

(1)ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) തൻവർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകളും ബജറ്റ് വർഷത്തേക്കുള്ള പ്രൊപ്പോസലുകളും സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഘടകസ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ച് ചേർക്കേണ്ടതാണ്.

(2)സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾ ജനുവരി മാസം ആദ്യ വാരത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനിക്കണം. ജനുവരി 15 നകം സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ലഭിക്കണം.

(3)ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ നിർദ്ദേശങ്ങൾ ചർച്ച ചെയ്ത് അംഗീകരിച്ച വാർഷികപദ്ധതിയും മുൻകൂട്ടി തയ്യാറാക്കിയ നോൺ പ്ലാൻ എസ്റ്റിമേറ്റും സംയോജിപ്പിച്ച് കരട് ബജറ്റ് തയ്യാറാക്കുകയും ആവശ്യമെങ്കിൽ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരെയും ഉദ്യോഗസ്ഥരെയും ക്ഷണിക്കേണ്ടതുമാണ്.

എന്നാൽ മേൽ നിർദ്ദേശങ്ങൾ പാലിച്ചല്ല ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്. ബജറ്റ് പാസ്സാക്കുന്നതിന് മുമ്പായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി റവന്യൂ ചെലവുകൾക്കായി സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരിൽ നിന്നും നിർദ്ദേശങ്ങൾ ആവശ്യപ്പെടുകയോ വിവിധ ഘടകസ്ഥാപനങ്ങളിലെ വരവ്-

ചെലവ് സംബന്ധിച്ച സംക്ഷിപ്തം തയ്യാറാക്കുകയോ ചെയ്തതായി കാണുന്നില്ല. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും നിർവ്വഹണ ഉദ്യോഗസ്ഥരും ബജറ്റ് നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല.

ബജറ്റ് രൂപീകരണ പ്രക്രിയയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ബജറ്റ് മാന്വലിലും പഞ്ചായത്ത് രാജ് നിയമങ്ങളിലും പരാമർശിക്കുന്ന നടപടിക്രമങ്ങൾ പാലിക്കപ്പെടുന്നുണ്ട് എന്ന് സെക്രട്ടറിയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും ഉറപ്പ് വരുത്തേണ്ടതാണ്.

ബി) ബജററിൽ നിന്നുള്ള വ്യതിയാനം-ബജറ്റ് പുതുക്കിയില്ല

ബജറ്റിൽ ഉൾപ്പെടാത്ത ഇനത്തിനോ, വകയിരുത്തിയ തുകയിൽ കൂടുതലോ തുക ചെലവഴിക്കേണ്ടി വരുമ്പോൾ പുതുക്കിയതോ സപ്ലിമെന്ററിയോ ആയ ബജറ്റ് അംഗീകരിച്ച് മാത്രമേ തുക ചെലവഴിക്കാവൂ. കേരള പഞ്ചായത്ത് രാജ് ആക്ട്, സെക്ഷൻ 214(5) പ്രകാരം ബജറ്റിൽ ഉൾപ്പെടുത്താത്ത ഇനത്തിന് തുക ചെലവഴിച്ചെങ്കിൽ, തൊട്ടടുത്ത ഭരണസമിതി യോഗത്തിൽ പുതുക്കിയ/സപ്ലിമെന്ററി ബജറ്റ് അവതരിപ്പിച്ച് പാസാക്കേണ്ടതാണ്. എന്നാൽ ഇത് പാലിക്കപ്പെട്ടിട്ടില്ല. ഉദാ: ഐ.എ.വൈ -ലോൺ തിരിച്ചടവ് പദ്ധതി (ഖണ്ഡിക 1-6 കാണുക) .

## 1-2 വാർഷിക കണക്കിലെ അപാകതകൾ

1. 2019-20 വർഷത്തിൽ വികസന ഫണ്ട് (ടി.എസ്.പി.) ഇനത്തിൽ 246000/- രൂപ അലോട്ട്മെന്റ് ലഭിച്ചു. പദ്ധതി ചെലവ് 100% കാണിക്കുന്നതിനായി പ്രസ്തുത തുക ട്രഷറിയിൽ നിന്നും പിൻവലിക്കുകയും പ്രോജക്റ്റ് പ്രകാരം തിരിച്ചടയ്ക്കുകയും ചെയ്തു. RP -7 പ്രകാരം വന്ന തുക RP-26 പ്രകാരം ചെലവായി രേഖപ്പെടുത്തിയതല്ലാതെ തുക ടി.എസ്.പി വിഭാഗത്തിനു വേണ്ടി ചെലവഴിച്ചിട്ടില്ല.

2. ലോൺ രജിസ്റ്ററിൽ വായ്പ തിരിച്ചടയ്ക്കാനുള്ളത് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

3. B7 പ്രകാരം 264561/- രൂപ ഡെപോസിറ്റ് ആയി അവശേഷിക്കുന്നുണ്ട്. സ്ഥാപനത്തിൽ ഡെപോസിറ്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ വിശദ വിവരങ്ങൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവയിൽ ആ വർഷത്തെ വിവരങ്ങൾ രേഖപ്പെടുത്തി സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 11862808 |
| വരവ് | 27777536 |
| ആകെ | 39640344 |
| ചെലവ് | 37596472 |
| നീക്കിയിരിപ്പ് | 2043872 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 27860000 | 27860000 | 18353403 | 9506597 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 4334000 | 4334000 | 3090536 | 1243464 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 246000 | 246000 | 246000* | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3644000 | 3644000 | 582800 | 3061200 |

* പ്രത്യേക ഘടക വിഭാഗത്തിനായി പ്രോജക്ടുകൾ തയ്യാറാക്കാതെ തുക ട്രഷറിയിൽ നിന്നും പിൻവലിച്ച് തിരികെ അടവാക്കി.

## 1-5 പദ്ധതി അവലോകനം

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ വാർഷിക പദ്ധതി വകയിരുത്തലും അതിൽ നിന്നുള്ള ചെലവും താഴെ പറയും പ്രകാരമാണ്.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) |
|---|---|---|---|---|---|
| 86 | 48161552 | 70 | 12 | 22875434 | 4 |

### പദ്ധതികൾ- ആസൂത്രണവും നടപ്പാക്കലും

ഓഡിറ്റ് വർഷത്തിൽ ചെറുകിട വ്യവസായ മേഖലയിൽ പദ്ധതികളൊന്നും നടപ്പിലാക്കിയില്ല (ഖണ്ഡിക 1-16 കാണുക) . വികസന ഫണ്ട് (ടി.എസ്. പി.) ഇനത്തിൽ 246000/- രൂപ അലോട്ട്മെന്റ് ലഭിച്ചെങ്കിലും ടി.എസ്.പി വിഭാഗത്തിനു വേണ്ടി പദ്ധതികളൊന്നും നടപ്പാക്കിയില്ല (ഖണ്ഡിക 1-7 കാണുക).

മരാമത്ത് പ്രവൃത്തികളിൽ ഓരോ വർഷവും തയ്യാറാക്കുന്ന പദ്ധതികൾ പരിശോധിച്ചാൽ മുൻവർഷത്തിൽ നിർവ്വഹണം നടത്തിയ പ്രവൃത്തികളുടെ പൂർത്തീകരണത്തിനായി തയ്യാറാക്കുന്നവയാണെന്ന് കാണാം. ബ്ലോക്ക് ഓഫീസിലെ വിവിധ അറ്റകുറ്റ പണികൾ പോലും മുഴുവനായി മനസ്സിലാക്കി ഒറ്റ പദ്ധതിയായി തയ്യാറാക്കുന്നില്ല. അതുകൊണ്ടു തന്നെ ഒരു നിർമ്മാണം പൂർത്തീകരിക്കുന്നതിന് ഒരേ വർഷത്തിൽ തന്നെയും/തുടർവർഷങ്ങളിലും വീണ്ടും പുതിയ പദ്ധതികൾ തയ്യാറാക്കേണ്ടി വരുന്നു.

ബഹുവർഷ പദ്ധതികൾ തയ്യാറാക്കുമ്പോൾ വിഭാവനം ചെയ്യുന്ന രീതിയിൽ വിഭവ വിനിയോഗം ഉറപ്പ് വരുത്താതു മൂലം അതതു വർഷത്തേയ്ക്ക് ലഭിക്കുന്ന ഫണ്ടുകളുടെ നഷ്ടപ്പെടലിനും, തുടർവർഷത്തെ ഫണ്ടിൽ നിന്നും കണ്ടെത്തുന്നതു വഴി ആ വർഷത്തേയ്ക്ക് ഫണ്ട് മതിയാകാത്ത അവസ്ഥയും വരുന്നു. പ്രോജക്ടുകളിലൂടെ വിഭാവനം ചെയ്യുന്ന പ്രവൃത്തികൾ പൂർത്തീകരിക്കാതെ പദ്ധതികൾ ഒഴിവാക്കുന്ന സ്ഥിതിയും പഞ്ചായത്തിൽ നിലനിൽക്കുന്നു. തൻവർഷ വാർഷിക പദ്ധതിയിൽ സ്പിൽഓവർ പദ്ധതികളായി ഉൾപ്പെട്ട പദ്ധതികളിൽ പലതിലും തൻവർഷവും ചെലവില്ല.

മുകളിൽ കൊടുത്തവിധം പദ്ധതികൾ തയ്യാറാക്കി നടപ്പാക്കുന്നതിലെ അപാകത മൂലം തൻവർഷ പദ്ധതികളുടെ ചെലവു കുറഞ്ഞ് ഭൂരിഭാഗം ചെലവും മുൻവർഷത്തെ പദ്ധതികൾക്കായി മാറ്റി വയ്ക്കുന്ന അവസ്ഥയാണ് ബ്ലോക്ക് പഞ്ചായത്തിൽ നിലവിലുള്ളത് (ഖണ്ഡിക 1-11 കാണുക). കൃത്യമായ ആസൂത്രണം ഇല്ലാതെ പദ്ധതി രൂപീകരിച്ചതിനാൽ പദ്ധതി അപൂർണ്ണമാവുകയും പൂർത്തീകരണത്തിന് കാലതാമസവും ഉണ്ടായിട്ടുണ്ട്.

ശരിയായ ആവശ്യകതയ്ക്കനുസരിച്ച് പദ്ധതികൾ രൂപീകരിക്കേണ്ടതും രൂപീകരിച്ച പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുകയും ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-6 ഇന്ദിരാ ആവാസ് യോജന – വായ്പയും പലിശവും തിരിച്ചടയ്ക്കുന്നത് - സർക്കാർ ഉത്തരവിലെ നിർദ്ദേശം പാലിച്ചില്ല.

ഐ.എ.വൈ പദ്ധതിയ്ക്കായി 2012-2013 വർഷത്തിൽ ഗുണഭോക്താക്കൾക്ക് 75000 രൂപ അധിക ധനസഹായം (സംസ്ഥാന വിഹിതം) നൽകുന്നതിന് സഹകരണ ബാങ്കിൽ നിന്ന് വായ്പ എടുക്കുവാൻ സ.ഉ. 90/2013 എൽ.എസ്.ജി.ഡി. തി. 14.03.2013 പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഈ ഉത്തരവിലെ ഖണ്ഡിക 9 ൽ വായ്പയുടെ മുതൽ ഇനത്തിലെയും പലിശ ഇനത്തിലെയും തുക തിരിച്ചടക്കേണ്ടത് സർക്കാരിന്റെ ഉത്തരവാദിത്വമായിരിക്കും എന്ന് വ്യക്തമാക്കി. ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രൊജക്ട് ഡയറക്ടറുടെ സി. 1436/12 തീയതി 17.04.2013 നമ്പർ കത്തിലൂടെ തോടന്നൂർ ബ്ലോക്ക് പഞ്ചായത്തിലെ ഐ.എ.വൈ. ഗുണഭോക്താക്കൾ, 26 പട്ടികജാതിക്കാർ ഉൾപ്പെടെ 87 പേർ ആണെന്നും, ഇവർക്ക് സംസ്ഥാന വിഹിതമായ 3515220/- രൂപ സഹകരണ ബാങ്കിൽ നിന്ന് വായ്പ എടുക്കാമെന്നും വ്യക്തമാക്കി. (പട്ടികജാതി വിഭാഗത്തിന് 1588000+ജനറൽ 1927220 = 3515220) തുടർന്ന് സംസ്ഥാനത്തെ സഹകരണ ബാങ്കിൽ നിന്നും ഈ ഇനത്തിൽ എടുക്കുന്ന വായ്പയുടെ പലിശ പരിധി 11.25% ആയി നിജപ്പെടുത്തി അത് സർക്കാർ വഹിക്കുമെന്ന് സ.ഉ. 162/13/തസ്വഭവ. തി. 26.04.2013 ന് ഉത്തരവായി. മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത് വില്ല്യാപ്പള്ളി പഞ്ചായത്ത് സർവ്വീസ് സഹകരണ ബാങ്കിൽ നിന്ന് ലോൺ നമ്പർ ഐ.എ.വൈ. എച്ച്.എൽ. 217010000001 പ്രകാരം 11.5 ശതമാനം പലിശ നിരക്കിൽ 3515220 രൂപ കടമെടുത്തു. വർദ്ധിച്ച പലിശ 0.25 ശതമാനം ബ്ലോക്ക് പഞ്ചായത്ത് വഹിക്കാൻ തീരുമാനിച്ചു. പദ്ധതി ഫയൽ, ലോൺ ഫയൽ എന്നിവ പരിശോധിച്ചതിൽ താഴെ കൊടുത്ത അപാകതകൾ കാണുന്നു.

1. ബാങ്കിന്റെ ലോൺ ലഡ്ജർ പരിശോധിച്ചതിൽ താഴെ കൊടുത്ത തിയ്യതികളിലാണ് ലോൺ തുക ലഭിച്ചത്.

| തിയ്യതി | തുക |
|---|---|
| 30.05.2013 | 1000000 |
| 18.6.2013 | 1000000 |

| | |
|---|---|
| 17.7.2013 | 500000 |
| 24.8.2013 | 500000 |
| 15.11.2013 | 515220 |
| ആകെ | 3515220 |

വായ്പയുടെ മുതലും പലിശയും തിരിച്ചടച്ചതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| തിയ്യതി | മുതൽ | പലിശ |
|---|---|---|
| 29.4.2014 | -- | 6158 |
| 24.4.2015 | -- | 8746 |
| 30.4.2016 | -- | 1027277 |
| 26.10.2018 | -- | 20779 |
| 05.05.2020 | -- | 345587 |
| 05.05.2020 | -- | 450000 |
| 05.05.2020 | -- | 450000 |
| 05.05.2020 | 2461 | 447539 |
| 05.05.2020 | 450000 | -- |
| 04.02.2021 | 1374631 | 265369 |
| ആകെ | 1827092 | 3021455 |

ലോൺ ഇനത്തിൽ നിലവിൽ 1688128 രൂപ അടയ്ക്കാൻ അവശേഷിക്കുന്നുണ്ട്.

ലോൺ എടുക്കാൻ അനുമതി നൽകിയ സ.ഉ. 90/2013 എൽ.എസ്.ജി.ഡി. തിയ്യതി 14.03.2013 ൽ ലോണിന്റെ മുതലും പലിശയും സർക്കാർ അനുവദിക്കുന്നതാണ്/അത് സർക്കാരിന്റെ ഉത്തരവാദിത്വമാണ് എന്ന് വ്യക്തമാക്കിയെങ്കിലും, 2013-14, 2014-15, 2015-16 വർഷങ്ങളിൽ ഈ ഇനത്തിൽ യാതൊരു തുകയും ബ്ലോക്ക് പഞ്ചായത്തിന് അനുവദിച്ചില്ല. തുടർന്ന് 26.03.2016 ലെ സ.ഉ.(സാധാ) 1328/2016/തസ്വഭവ ഉത്തരവിൽ 2015-16 വർഷത്തിൽ നടപ്പാക്കാൻ സാദ്ധ്യതയില്ലാത്ത പ്രൊജക്ടുകളിലെ തുക, ഐ.എ.വൈ പദ്ധതിയ്ക്കായി സർക്കാർ നൽകേണ്ടിയിരുന്ന അധിക ധനസഹായത്തിനായി സഹകരണ ബാങ്കിൽ നിന്നും ബ്ലോക്ക് പഞ്ചായത്തുകൾ വായ്പ എടുത്തതിന്റെ മുതലും പലിശയും തിരിച്ചടയ്ക്കുന്നതിന് അനുമതി നൽകി. ഇതിന്റെ അടിസ്ഥാനത്തിൽ തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത് 1027277 രൂപ 30.04.2016 ന് അടവാക്കിയെങ്കിലും തുക പലിശയിലേയ്ക്ക് മാത്രമാണ് വരവ് വെച്ചത്.

2015-16 വർഷം ബ്ലോക്ക് പഞ്ചായത്ത് ചെലവഴിക്കാത്ത പദ്ധതികൾ സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം

ജനറൽ - 3967942 രൂപയുടേതും എസ്.സി.പി.- 1032129 രൂപയുടേതുമാണ്. 2015-16 വർഷം ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ച പ്ലാൻ ഫണ്ട് ജനറൽ 20014012 രൂപയും, എസ്.സി.പി. 4847129 രൂപയുമാണ്. ഇതിൽ ചെലവ് യഥാക്രമം 15917678, 3680000 രൂപയും, ചെലവഴിക്കാതെ അവശേഷിക്കുന്നത് 4096334, 1167129 രൂപയും ആണെങ്കിലും, മേൽ സർക്കാർ ഉത്തരവിൽ തീരെ ചെലവഴിക്കാൻ സാദ്ധ്യതയില്ലാത്ത അതായത് ഭാഗിക ചെലവ് ഇല്ലാത്ത പദ്ധതിയുടെ ആകെ തുക ജനറലിൽ 3967942 രൂപയും എസ്.സി.പി.യിൽ 1032129 രൂപയുമാണ്. 31.03.2016 ന് എല്ലാ പദ്ധതികളും നിർവ്വഹണം ചെയ്തതിന് ശേഷം ആകെ 5000071 രൂപ ബ്ലോക്ക് പഞ്ചായത്തിന് ചെലവഴിക്കാൻ അവശേഷിക്കുന്നുണ്ട്. (3967942 + 1032129 = 5000071) 11.5 ശതമാനം പലിശ കണക്കാക്കിയാൽ ഈ ലോൺ ഇനത്തിൽ 31.03.2016 ന് 3515220 രൂപ മുതലും, 1077973 രൂപ പലിശയും ഉൾപ്പെടെ 4593193 രൂപ മതിയായിരുന്നു ലോൺ ക്ലോസ് ചെയ്യുവാൻ. കൈവശം 5000071 രൂപ ഉണ്ടായിരിക്കെ 4593193 രൂപയ്ക്ക് ജി.ഒ. പ്രൊജക്ട് തയ്യാറാക്കി ലോൺ ക്ലോസ് ചെയ്യാതിരുന്നത് ഗുരുതരമായ വീഴ്ചയാണ്. അപാകതയ്ക്ക് 31.03.2016 ലെ സെക്രട്ടറിയായ ശ്രീ. എ.പി. രമേശൻ, ജോയിന്റ് ബി.ഡി.ഒ. (ഇ.ജി.എസ്) വിശദീകരണം നൽകേണ്ടതാണ്. (2015-16 വർഷം എസ്.സി.പി. യിൽ ആകെ ചെലവ് കാണിച്ച 3680000 രൂപയിൽ സെക്രട്ടറി നിർവ്വഹണം ചെയ്ത പദ്ധതിയായ ലൈഫ് ലോൺ തിരിച്ചടവ് എന്ന പദ്ധതിയിൽ 1027277 രൂപ ചെലവ് ഉൾപ്പെട്ടിട്ടുണ്ട്. ഈ തുക കൂടി കണക്കാക്കിയാൽ മേൽ ഖണ്ഡികയിൽ വ്യക്തമാക്കിയ ആകെ നടപ്പാക്കാൻ കഴിയാത്ത പദ്ധതിയും തുക 5000071 രൂപ കൂടാതെ ഈ തുക കൂടി ഉൾപ്പെടുന്ന തുകയായ 6027348 രൂപ ആയിരിക്കും.)

2. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 31.03.2016 ന് ലോൺ ക്ലോസ് ചെയ്തിരുന്നെങ്കിൽ തുടർന്ന് പലിശ ഇനത്തിൽ അടച്ച ഭീമമായ തുക 1928578 രൂപ അടവാക്കുന്നത് ഒഴിവാക്കാമായിരുന്നു. ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| നാളിത് വരെ അടച്ച പലിശ | | 3021455 |
| 29.04.2014 ന് അടച്ച പലിശ | 6158 | 1092877 |
| 24.4.15 ന് അടച്ച പലിശ | 8746 | |
| 31.03.2016 ന് ലോൺ ക്ലോസ് ചെയ്തിരുന്നെങ്കിൽ അടക്കേണ്ട പലിശ | 1077973 | |
| ഇത് നാളിത് വരെ അടച്ച പലിശയിൽ കുറച്ചാൽ | | 1928578 |
| + 28.2.2022 പലിശ അടക്കാനുള്ളത്(ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം) | | 206900 |
| | | 2135478 |

പലിശ ഇനത്തിൽ ഇത്രയും വലിയ തുക ഒടുക്കുവാനുണ്ടായത് 2015-16 വർഷത്തിൽ ലോൺ ക്ലോസ് ചെയ്യാത്തതിനാലാണ്. തുക ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കേണ്ടതാണ്.

3. മേൽ ഉത്തരവ് 2016 ലാണ് അതായത് 2015-16 വർഷമാണ് പ്രതിപാദിച്ചതെങ്കിൽ, അതിന് ശേഷം ലോൺ തീർക്കാൻ തുടർന്ന് ബ്ലോക്ക് പഞ്ചായത്ത് യാതൊരു നടപടിയും സ്വീകരിച്ചില്ല. 2015-2016 ന് ശേഷം അടച്ച തുകയിൽ 18,27,092 രൂപ മുതലിലേക്കും 1979274 രൂപ പലിശയിലേക്കുമാണ് ബാങ്ക് വകയിരുത്തിയത് (ലെഡ്ജർ കാണുക). 2015-2016 വർഷത്തിന് ശേഷം പ്ലാൻ ഫണ്ട് ചെലവ് ഇല്ലാത്തതിനാൽ സർക്കാരിലേയ്ക്ക് തിരികെ പോയ തുകയുടെ വിശദാംശം കൊടുക്കുന്നു (സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം).

| | ചെലവഴിക്കാതെ അവശേഷിച്ച പ്ലാൻ ഫണ്ട് | | |
|---|---|---|---|
| വർഷം | ജനറൽ | എസ്.സി.പി. | ആകെ |
| 1. 2016-17 | 9362961 | 1167129 | 10530090 |
| 2. 2017-18 | 11559619 | 1059801 | 12619420 |
| 3. 2018-19 | 16007644 | 821140 | 16828784 |

| | | | |
|---|---|---|---|
| 4. 2019-20 | 14928597 | 1818754 | 16747351 |
| 5. 2020-21 | 3958183 | 859617 | 4817800 |

2015-2016 വർഷം 1027277 രൂപ ലോൺ അക്കൗണ്ടിലേയ്ക്ക് അടച്ചതിന് ശേഷം 2020-21 ലാണ് 3785587 രൂപ ലോൺ അടക്കുന്നത്. ഇതിന് സർക്കാർ അനുമതിയും ലഭ്യമായിട്ടില്ല. 2016-17 മുതൽ 2019-20 വരെ മേൽ കാണിച്ച പ്രകാരം ഓരോ വർഷവും ഒരു കോടി രൂപയിലധികം സർക്കാർ തിരിച്ചെടുത്ത സാഹചര്യത്തിൽ ഓരോ സാമ്പത്തിക വർഷവും അവസാനിക്കുന്നതിന് മുന്നോടിയായി 2016 ൽ അനുമതി തന്ന സാഹചര്യത്തിൽ സർക്കാർ അനുമതിയോടുകൂടി തുടർ വർഷങ്ങളിൽ ലോൺ തുക തിരിച്ചടക്കേണ്ടതായിരുന്നു. അപ്രകാരം നടപടി സ്വീകരിക്കാതിരുന്ന 2016-17 മുതൽ 2020-21 വരെയുള്ള കാലയളവിലെ സെക്രട്ടറിമാർ ഈ വീഴ്ചയ്ക്ക് കാരണക്കാരാണ്. അതിന് വിശദീകരണം നൽകേണ്ടതാണ്.

ഇപ്രകാരം ഓരോ സാമ്പത്തിക വർഷവും ചെലവഴിക്കാത്ത പദ്ധതിയിലെ വകയിരുത്തിയ തുകകൾ കണക്കാക്കി, ആ സാമ്പത്തിക വർഷം ലോൺ അടച്ചിരുന്നെങ്കിൽ 2015-16 ന് ശേഷം പലിശ ഇനത്തിൽ വന്ന തുക അടവാക്കുന്നതിൽ ബ്ലോക്ക് പഞ്ചായത്തിന് ബാദ്ധ്യത കൈവരില്ലായിരുന്നു. 2015-16 ശേഷം ഓരോ സാമ്പത്തിക വർഷവും ബാദ്ധ്യതയായ ലോൺ പലിശ താഴെ കൊടുക്കുന്നു.

| | |
|---|---|
| 2016-17 | 404250 |
| 2017-19 | 404250 |
| 2018-19 | 404250 |
| 2019-20 | 404250 |
| 2020-21 | 333386 |

യഥാസമയം സർക്കാർ അനുമതി വാങ്ങി ലോൺ തുക തീർക്കാതിരുന്ന 2016-17 മുതൽ 2020-21 വരെയുള്ള സെക്രട്ടറിമാരിൽ നിന്ന് മേൽ തുക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

4) ബാങ്കിന്റെ സ്റ്റേറ്റ്മെന്റ് കാണുക. 26.10.2018 വരെ പലിശ ഇനത്തിൽ 1090672 രൂപ അടയ്ക്കാനുണ്ട്. ഇതിൽ 20779 രൂപ അടച്ചപ്പോൾ അവശേഷിക്കുന്ന പലിശ 1069893 രൂപയായിരിക്കും. തുടർന്ന് 27.10.2018 മുതൽ 05.05.2020 വരെ 616897 രൂപ പലിശ ഉൾപ്പെടെ ആകെ 1686790 രൂപ പലിശയിനത്തിൽ അടയ്ക്കാൻ അവശേഷിക്കും. (3515220x11.5x557/365x100 = 616897). ഇതിൽ 1693126 രൂപ 05.05.2020 ന് പലിശ ഇനത്തിൽ ആകെ ബാങ്ക് ഈടാക്കിയിട്ടുണ്ട്. അധികം ഈടാക്കിയ 6336 രൂപ (1693126-1686790=6336) മുതലിലേയ്ക്ക് 05.05.2020 മുതൽ അഡ്ജസ്റ്റ് ചെയ്യാൻ ബാങ്കിനോട് ആവശ്യപ്പെടേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-7 ടി.എസ്.പി. ഫണ്ട് തിരിച്ചടച്ചു - നടപടി ശരിയല്ല.

2019-20 വർഷം തോടന്നൂർ ബ്ലോക്ക് പഞ്ചായത്തിന് 246000 രൂപ ടി. എസ്.പി. ഇനത്തിൽ ഫണ്ട് ലഭ്യമായിട്ടുണ്ട്. ബ്ലോക്ക് സെക്രട്ടറി നിർവ്വഹണം ചെയ്യുന്ന ഒരു പദ്ധതി തന്നെ ടി.എസ്.പി. ഫണ്ട് തിരിച്ചടവ് എന്നതാണ് (പ്രൊജക്ട് നമ്പർ 12/2020) .മേൽ പദ്ധതി പ്രകാരം അനുവദിക്കപ്പെട്ട 246000 രൂപ ബിൽ നമ്പർ 19170363010201145081/ 24.01.2020 പ്രകാരം പിൻവലിച്ച് ചെലാൻ നമ്പർ

7114/30.03.2020 മുഖേന സർക്കാരിലേയ്ക്ക് തിരിച്ചടച്ചു.

അർഹമായ ഗുണഭോക്താക്കൾ പട്ടികവർഗ്ഗ വിഭാഗത്തിൽ ഇല്ല എന്ന കുറിപ്പോടെയാണ് തുക തിരിച്ചടച്ചത്. പട്ടിക വർഗ്ഗ വിഭാഗം 2011 ലെ സെൻസസ് പ്രകാരം 304 പേരാണ് ബ്ലോക്ക് പഞ്ചായത്തിൽ ഉള്ളത്. നിലവിൽ അത് കൂടുതലാകാനാണ് സാദ്ധ്യത. ഇതിന്റെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

| | |
|---|---|
| ആയഞ്ചേരി | 79 |
| മണിയൂർ | 94 |
| തിരുവള്ളൂർ | 56 |
| വില്യാപ്പള്ളി | 75 |
| | 304 |

ഇതിൽ 123 പുരുഷൻമാരും 181 സ്ത്രീകളുമാണുള്ളത്. ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായ പൊതു/മേഖലാചുമതലയിൽപ്പെട്ട ഒരു കർത്തവ്യവും ഈ വിഭാഗക്കാർക്ക് ചെയ്യാനില്ല എന്നും, അതിന് അർഹതപ്പെട്ട ഗുണഭോക്താക്കൾ ഇല്ല എന്നും ഡാറ്റ/രേഖകൾ വെച്ച് അല്ല മേൽ നിഗമനത്തിൽ ബ്ലോക്ക് പഞ്ചായത്ത് എത്തിച്ചേർന്നത്. കൂടാതെ ചെലവ് ശതമാനം 100 കാണിക്കാനാണ് ഇത്തരത്തിൽ തുക തിരിച്ചടച്ചത് എന്ന് വ്യക്തമാകുന്നു. ചട്ടപ്രകാരം ഈ വിഭാഗക്കാർക്ക് ലഭ്യമാക്കേണ്ട സാമൂഹികമായ പിൻബലം ഉറപ്പ് വരുത്തുന്ന പദ്ധതികൾ തയ്യാറാക്കി ആയത് നടപ്പിലാക്കാൻ ശ്രമിക്കാതെ, ഇത്തരത്തിൽ സർക്കാരിൽ നിന്നും അനുവദിച്ച് കിട്ടിയ പണം തിരിച്ചടച്ചതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-8 പയംകുറ്റിമല സാനിറ്റേഷൻ ആന്റ് കംഫർട്ട് സ്റ്റേഷൻ - അഡ്വാൻസ് അഡ്ജസ്റ്റ് ചെയ്യാത്തതും, ആസൂത്രണമില്ലായ്മയും

2019-20 വർഷത്തിൽ രണ്ടു വ്യത്യസ്ത പദ്ധതികളിലൂടെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും, അസിസ്റ്റന്റ് എഞ്ചിനീയറും പയംകുറ്റിമല കംഫർട്ട് സ്റ്റേഷനായി തുക ചെലവഴിച്ചിട്ടുണ്ട്. പയംകുറ്റിമല ഇക്കോ ടൂറിസം മേഖലയിൽ പയംകുറ്റിമല ഇക്കോ ടൂറിസം കമ്മിറ്റിയുടെ ഉടമസ്ഥതയിലുള്ള 54 സെന്റ് സ്ഥലത്ത്(വിട്ടു നൽകുന്ന രണ്ടു സെന്റ് സ്ഥലം) കംഫർട്ട് സ്റ്റേഷൻ നിർമ്മിക്കുന്നതിനാണ് പദ്ധതി. 2016-17, 2017-18 വർഷങ്ങളിലായി രൂപീകരിച്ച ഈ പ്രവൃത്തികളുടെ ഫൈനൽ ബിൽ നൽകുന്നതാണ് തൻവർഷം ഉൾപ്പെട്ട ചെലവ്. വിശദാംശം ചുവടെ കൊടുക്കുന്നു,

| | | |
|---|---|---|
| പ്രോജക്റ്റ് പേര്/നമ്പർ | പയംകുറ്റിമല സാനിറ്റേഷൻ ആന്റ് കംഫർട്ട് സ്റ്റേഷൻ നിർമ്മാണത്തിന് തുക നൽകൽ, 71/20 | പയംകുറ്റിമല സാനിറ്റേഷൻ ആന്റ് കംഫർട്ട് സ്റ്റേഷൻ പൂർത്തീകരണം, 66/20 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| അടങ്കൽ | 616248/- | 257764/- |
| ചെലവ് | 568791/-(400764+168027) | 257764/- |

പദ്ധതി നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ കൊടുക്കുന്നു,

- 2016-17 കാലഘട്ടത്തിൽ രൂപീകരിച്ചതാണ് പ്രോജക്ട് നമ്പർ 71/20. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണം ആരംഭിച്ച മേൽ പദ്ധതി തുടർ വർഷങ്ങളിൽ അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിർവ്വഹണത്തിനായി മാറ്റുകയായിരുന്നു. അതിനെ തുടർന്നാണ് തുക നൽകൽ എന്ന പദ്ധതി വയ്ക്കുന്നത്.
- ULCCS Ltdനെ ഏൽപ്പിച്ച ഈ പ്രവൃത്തിയ്ക്കായി 31.3.17 ൽ കരാറിലേർപ്പെട്ടെങ്കിലും 2018 ഒക്ടോബർ മാസത്തിനു ശേഷമാണ് നിർമ്മാണമാരംഭിക്കുന്നത്. അതുവരെ നിർമ്മാണം നടത്തേണ്ട സ്ഥലം തിട്ടപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളായിരുന്നു.
- 4.1.18ലെ തീരുമാനം 3/2 പ്രകാരം എസ്റ്റിമേറ്റ് പുതുക്കുന്നതിന് ഭരണസമിതി അംഗീകാരം നൽകി. ആദ്യ എസ്റ്റിമേറ്റിൽ ടൈൽ മേൽക്കൂര വിഭാവനം ചെയ്തത് കാറ്റുള്ള പ്രദേശമായതിനാൽ കോൺക്രീറ്റ് മേൽക്കൂരയായി മാറ്റി.
- വിട്ടുകിട്ടിയ സ്ഥലത്ത് വാട്ടർ ടാങ്ക് നിർമ്മിക്കാൻ സ്ഥലമില്ലായെന്നും, കംഫർട്ട് സ്റ്റേഷനും റോഡിനുമിടയിലുള്ള സ്ഥലം കൂടി വിട്ടു നൽകാൻ ആവശ്യപ്പെടുന്നത് 16.11.18 നാണ്.
- വിട്ടുകിട്ടിയെന്ന പറയപ്പെടുന്ന സ്ഥലം ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ചതിന് ഫയലിൽ രേഖകൾ ലഭ്യമല്ല.

എസ്റ്റിമേറ്റ് പുതുക്കി ലഭ്യമായ ഫണ്ടിൽ നിർമ്മാണം 16.5.19- ഓടെ പൂർത്തീകരിച്ചു. തുടർനിർമ്മാണം/പൂർത്തീകരണത്തിനായി രണ്ടാമത്തെ പദ്ധതി രൂപീകരിച്ചു.

- പദ്ധതി ഫയൽ പരിശോധിച്ചതിൽ പദ്ധതി ആരംഭത്തിൽ ULCCS Ltd ന് 352500/- രൂപ അഡ്വാൻസ് നൽകിയതായും, തുടർന്ന് ഒന്ന്, രണ്ട് പാർട്ട് ബില്ലുകളിലായി യഥാക്രമം 483752/-, 400764/- രൂപ നൽകി. രണ്ടാമത്തെ പാർട്ട് ബിൽ നൽകിയപ്പോൾ ആദ്യം അനുവദിച്ച അഡ്വാൻസ് തുകയുടെ 80% തുക (282000/-)അഡ്ജസ്റ്റ് ചെയ്താണ് തുക അനുവദിച്ചത്. എന്നാൽ ഫൈനൽ ബിൽ അനുവദിച്ചപ്പോൾ(168027/-ബിൽ നം.12/19-20/5.9.19) ബാക്കി അഡ്വാൻസ് തുക 70500/-അഡ്ജസ്റ്റ് ചെയ്തതായി കാണുന്നില്ല. ആയത് തിരികെ ഈടാക്കേണ്ടതാണ്.

മേൽ വിവരിച്ച കാര്യങ്ങളിൽ നിന്നും യാതൊരു ആസൂത്രണവും ഇല്ലാതെയാണ് പദ്ധതി രൂപീകരിച്ചതെന്ന് മനസ്സിലാകുന്നു. നിർമ്മാണം നടത്തേണ്ട സ്ഥലം ഉറപ്പു വരുത്താതെയും, എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ സ്ഥലത്തിന്റെ ഭൗതിക സ്വഭാവം പരിഗണിക്കാതിരുന്നതും പദ്ധതി അപൂർണ്ണമായി പൂർത്തീകരിക്കുന്നതിനും, കാലതാമസത്തിനും വഴിയൊരുക്കി. ഇതു വഴി മുൻവർഷങ്ങളിൽ ചെലവഴിക്കാമായിരു ന്ന പദ്ധതി പണം നഷ്ടപ്പെടുന്ന അവസ്ഥയും ഉണ്ടായി. പദ്ധതി സ്പിൽഓവർ ആയി തുടർന്നതു വഴി തുടർ വർഷങ്ങളിലേക്ക് അനുവദിക്കപ്പെട്ട പദ്ധതിപ്പണം ഇതിനായി വിനിയോഗിക്കേണ്ടതായും വന്നു.

മുകളിൽ വിവരിച്ച രീതിയിൽ ആസൂത്രണമില്ലാതെ പദ്ധതി രൂപീകരിച്ച് നടപ്പാക്കിയതും, അഡ്വാൻസ് തുക മുഴുവനായി തിരിച്ചു പിടിക്കാതെ ഫൈനൽ ബിൽ നൽകിയതും വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും, അധികമായി നൽകിയ 70500/- രൂപ സൊസൈറ്റിയിൽ നിന്നും ഈടാക്കാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-9 കൃത്യമായ അന്വേഷണം നടത്താതെ പ്രവൃത്തി ഏൽപ്പിച്ചു- പ്രവൃത്തി നിർവ്വഹണത്തിൽ കാലതാമസം -പിഴ ഈടാക്കിയില്ല

2017-18 ൽ വൻതുക അടങ്കലിൽ തയ്യാറാക്കിയ പദ്ധതികളാണ് വ്യവസായ ഉത്പാദന വിതരണ കേന്ദ്രം നിർമ്മാണം(10,00,000/-), മൾട്ടിലെവൽ പ്രൊഡക്ഷൻ മാർക്കറ്റിംഗ് യൂണിറ്റ് കെട്ടിടം (31,86,500/-), എ.ഇ.ഇ, എ.ഡി.എ ഓഫീസുകളുടെ നിർമ്മാണം(21,25,000/-) എന്നിവ. രണ്ടു തവണ ടെണ്ടർ ചെയ്തിട്ടും ആരും പ്രതികരിക്കാത്തതിനാൽ ഈ പ്രവൃത്തികൾക്കായി ക്വട്ടേഷൻ ക്ഷണിക്കുകയും

ആയതിൽ പ്രവൃത്തി എസ്റ്റിമേറ്റ് നിരക്കിൽ ഏറ്റെടുക്കാൻ തയ്യാറായ SWALCOS Ltd എന്ന സൊസൈറ്റിയെ 14.2.18 ലെ ഭരണസമിതി തീരുമാനം 3/1 പ്രകാരം ഇതിനായി തെരെഞ്ഞെടുക്കുകയും ചെയ്തു. 2018 മാർച്ച് മാസത്തിൽ ഈ പ്രവൃത്തികൾക്കായി കരാറിലേർപ്പെട്ട് നിർമ്മാണം ആരംഭിച്ചു.

മേൽ പ്രവൃത്തികളുടെയെല്ലാം പൂർത്തീകരണ കാലാവധി 365 ദിവസമാണ്. ഈ പ്രവൃത്തി ഫയലുകൾ പരിശോധിച്ചതിൽ 2018-19 വർഷ കാലയളവിൽ ജനുവരി മാസം വരെ നിർമ്മാണ പ്രവൃത്തികൾ മുന്നോട്ട് പോയെങ്കിലും, തുടർന്ന് 2019-20 വർഷത്തിൽ പ്രവൃത്തികളൊന്നും നടക്കാതെ മാസങ്ങളോളം കാലതാമസം വരുത്തിയതായി കാണുന്നു. 2019 മാർച്ച് മാസത്തിനുള്ളിൽ മേൽ പ്രവൃത്തികൾക്കായി പല പാർട്ട് ബില്ലുകളും ഈ സൊസൈറ്റിയ്ക്ക് അനുവദിച്ചിട്ടുണ്ട്. തുടർന്ന് ഈ സൊസൈറ്റി നിർമ്മാണങ്ങൾ നിർത്തി വച്ച സാഹചര്യം(ഏകദേശം 11മാസത്തോളം) വരുകയും, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പല തവണ സൊസൈറ്റിയുമായി ബന്ധപ്പെട്ടെങ്കിലും ഇവർ പ്രവൃത്തി പുനരാരംഭിക്കാത്ത സാഹചര്യങ്ങൾ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടേയും, ഭരണസമിതിയുടേയും ശ്രദ്ധയിൽപ്പെടുത്തിയതും, പിന്നീട് സൊസൈറ്റിയുടെ പ്രതിനിധിയുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ 3% ഫൈനോടു കൂടി പ്രവൃത്തിയുടെ കാലാവധി പുതുക്കി നൽകുന്നതിന് 9.1.20 ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഫൈൻ ഈടാക്കിയതിന്റെയും, പ്രവൃത്തി പൂർത്തീകരണ കാലാവധി നീട്ടി നൽകിയതിന്റെയും വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല.

തുടർന്ന് നിർമ്മാണങ്ങൾ പുനരാരംഭിക്കുകയും നിർമ്മാണങ്ങളുടെ ഫൈനൽ ബില്ലുകൾ നൽകുകയും ചെയ്തു. വിവിധ പ്രവൃത്തി ഫയലുകളിൽ ഫൈൻ തുക ഈടാക്കിയതിൽ അവ്യക്തത നിലനിൽക്കുന്നു. മൾട്ടിലെവൽ പ്രൊഡക്ഷൻ മാർക്കറ്റിംഗ് യൂണിറ്റ് കെട്ടിടം, വ്യവസായ ഉത്പാദന വിതരണ കേന്ദ്രം നിർമ്മാണം എന്നീ പദ്ധതികളുടെ അഞ്ചാമത്തെ പാർട്ട് ബിൽ തുകകൾ യഥാക്രമം 3,20,000/-, 1,40,000/-രൂപ നൽകിയപ്പോൾ ഈ തുകയുടെ 3% തുക (യഥാക്രമം 9600, 4200 രൂപ) പിഴയായി ഈടാക്കി. അതേ സമയം എ.ഇ.ഇ, എ.ഡി.എ ഓഫീസുകളുടെ നിർമ്മാണത്തിന്റെ ഫൈനൽ ബിൽ 7,40,322/-രൂപയിൽ നിന്നും 1.5% തുകയാണ് പിഴയായി ഈടാക്കിയത്(11,105/-). പ്രവൃത്തി പൂർത്തീകരണ കാലതാമസത്തിന് പിഴ ഈടാക്കുന്നതിന് ഏറ്റെടുത്ത പ്രവൃത്തിയുടെ മൂല്യം(PAC)കണക്കാക്കണമെന്നിരിക്കെ അതതുസമയം നൽകിയ ബിൽ തുകയുടെ ശതമാനം കണക്കാക്കിയതിന്റെ അടിസ്ഥാനം വ്യക്തമല്ല. മൂന്നു പ്രവൃത്തികളുടേയും യഥാർത്ഥത്തിൽ ചെയ്ത പ്രവൃത്തികളുടെ മൂല്യം അളവു പുസ്തകങ്ങൾ പ്രകാരം ഇപ്രകാരമാണ്,

| പ്രവൃത്തി | മൂല്യം |
|---|---|
| മൾട്ടിലെവൽ പ്രൊഡക്ഷൻ മാർക്കറ്റിംഗ് യൂണിറ്റ് കെട്ടിടം | 11,97,476/- |
| വ്യവസായ ഉത്പാദന വിതരണ കേന്ദ്രം നിർമ്മാണം | 7,45,997/- |
| എ.ഇ.ഇ, എ.ഡി.എ ഓഫീസുകളുടെ നിർമ്മാണം | 11,67,797/- |

മേൽ തുക അടിസ്ഥാനപ്പെടുത്തി പിഴ ഈടാക്കാത്തത് വിശദീകരിക്കേണ്ടതാണ്.

മേൽ പ്രവൃത്തികളുടെ പാർട്ട് ബില്ലുകൾ നൽകിയപ്പോൾ എല്ലാ ബില്ലുകളിലും റീടെഷൻ തുക പിടിച്ചിട്ടില്ല. വ്യവസായ ഉത്പാദന വിതരണ കേന്ദ്രത്തിന്റെ നിർമ്മാണത്തിന് അഞ്ചു പാർട്ട് ബില്ലുകൾ നൽകിയതിൽ അഞ്ചാമത്തെ ബില്ലിൽ മാത്രമാണ് റീടെൻഷൻ ഈടാക്കിയത്. മൾട്ടിലെവൽ പ്രൊഡക്ഷൻ മാർക്കറ്റിംഗ് യൂണിറ്റ് കെട്ടിട നിർമ്മാണത്തിനായി നൽകിയ രണ്ട്, മൂന്ന് പാർട്ട് ബില്ലുകളിൽ നിന്നും റീടെൻഷൻ തുക ഈടാക്കിയില്ല. മേൽ പ്രവൃത്തികൾക്കായി ഈടാക്കിയ റീടെൻഷൻ തുകകൾ തിരികെ നൽകിയോയെന്നത് സംബന്ധിച്ച വിവരം ഫയലിൽ ലഭ്യമല്ല.

2017-18 വർഷത്തിൽ ആരംഭിച്ച ഈ പദ്ധതികൾ 2019-20 വർഷത്തിലേയ്ക്ക് സ്പിൽഓവർ പദ്ധതികളായി തുടർന്നപ്പോൾ സർക്കാർ നിർദ്ദേശ പ്രകാരം സ്പിൽഓവർ പദ്ധതികളുടെ അടങ്കൽ ശതമാനം 20% ലേക്ക് പരിമിതപ്പെടുത്തുന്നതിനായി ഈ പദ്ധതികളുടെ അടങ്കൽ വളരെയധികം

കുറക്കേണ്ടി വന്നു. ഉദാഹരണമായി 31,86,500/-രൂപ അടങ്കലുണ്ടായിരുന്ന മൾട്ടിലെവൽ പ്രൊഡക്ഷൻ മാർക്കറ്റിംഗ് യൂണിറ്റ് കെട്ടിട നിർമ്മാണത്തിന്റെ അടങ്കൽ 10,00,000/-രൂപയായി കുറച്ചു (2018-19 വർഷത്തിൽ ചെലവഴിച്ച 2,59,215 രൂപയടക്കം 12,59,215/-രൂപ).

പ്രവൃത്തികൾ ഏൽപ്പിക്കുന്നതിനു മുമ്പ് സൊസൈറ്റിയുടെ ക്ഷമത പരിശോധിക്കാതിരുന്നതാണ് മേൽ അപാകതകളിലേയ്ക്ക് നയിച്ച പ്രധാന കാരണമെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പ്രവൃത്തി ഏറ്റെടുക്കാൻ തയ്യാറായി വരുന്ന കരാറുകാർ/ ഏജൻസികൾ ഏൽപ്പിക്കുന്ന പ്രവൃത്തി ഏറ്റെടുക്കാൻ പ്രാപ്തരാണോയെന്നും, ഇവർ മുമ്പ് ഏറ്റെടുത്ത് നടപ്പാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ പരിശോധിച്ചുറപ്പു വരുത്തേണ്ടതും നിർവ്വഹണോദ്യോഗസ്ഥന്റേയും, ഭരണസമിതിയുടേയും ഉത്തരവാദിത്തമാണ്. പ്രവൃത്തി പൂർത്തീകരണത്തിലുണ്ടായ കാലതാമസം മുൻവർഷങ്ങളിൽ (2017-18, 2018-19 വർഷങ്ങളിൽ) ലഭ്യമായിരുന്ന ഫണ്ടുകളുടെ നഷ്ടപ്പെടലിന് കാരണമായി. ഇത്തരത്തിൽ ബ്ലോക്ക് പഞ്ചായത്തിന് സാമ്പത്തിക നഷ്ടത്തിലേയ്ക്ക് നയിച്ച സൊസൈറ്റിക്കെതിരെ എന്തു നടപടിയാണ് പഞ്ചായത്ത് സ്വീകരിച്ചതെന്നും, ഇവർക്ക് തുടർവർഷങ്ങളിൽ പ്രവൃത്തികൾ അനുവദിച്ചിരുന്നോയെന്നതും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. റീടെൻഷൻ ഇനത്തിൽ എത്ര രൂപ ബ്ലോക്ക് പഞ്ചായത്തിൽ ലഭ്യമാണെന്ന് പരിശോധിച്ച് യഥാർത്ഥത്തിൽ ഈടാക്കേണ്ട ഫൈൻ കണക്കാക്കി ഈടാക്കേണ്ടതാണ്.

ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. മേൽ പദ്ധതികളിൽ യഥാർത്ഥത്തിൽ ഈടാക്കേണ്ട പിഴ തുക കണക്കാക്കി, പഞ്ചായത്തിൽ ലഭ്യമായ റീടെഷൻ തുകയിൽ നിന്നും അഡ്ജസ്റ്റ് ചെയ്യേണ്ടതും, തികയാത്ത തുക സൊസൈറ്റിയിൽ നിന്നും ഈടാക്കേണ്ടതുമാണ്. ഇതു സംബന്ധിച്ച വിശദമായ പത്രിക തയ്യാറാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-10 പമ്പ് ഹൗസ് കാളിവയൽ റോഡ് -ആവശ്യകത ഉറപ്പാക്കാതെ പദ്ധതി തയ്യാറാക്കിയതും മറ്റപാകതകളും

2018-19 വർഷത്തിൽ 5,00,000/- രൂപ അടങ്കലിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്താനായി തയ്യാറാക്കിയ ബഹുവർഷ പദ്ധതിയാണിത് (2018-19-200000/-, 2019-20-300000/-). പ്രസ്തുത റോഡിന്റെ 96 മീറ്റർ വരുന്ന ഭാഗം മണ്ണിട്ടുയർത്തി ടാറിടാനാണ് പദ്ധതി. പദ്ധതി ഫയൽ പരിശോധിച്ചതിൽ കണ്ട കാര്യങ്ങൾ ചുവടെ കൊടുക്കുന്നു,

- 27.4.2018 ലെ ഭരണസമിതി തീരുമാനം 2/2 പ്രകാരം 2018-19 വർഷത്തെ റോഡ് പ്രവൃത്തികൾ ULCCS Ltd നെ ഏൽപ്പിക്കാൻ തീരുമാനം എടുത്തിരുന്നു. എന്നാൽ ഈ പ്രവൃത്തി ടെണ്ടർ നടപടികൾക്ക് ശേഷം ക്വട്ടേഷൻ പ്രകാരമാണ് നാസർ.പി.കെ. എന്ന കരാറുകാരനെ ഏൽപ്പിച്ചത്. ഭരണസമിതി തീരുമാനത്തിൽ നിന്നും വ്യതിചലിച്ച് പ്രവൃത്തി ഏൽപ്പിക്കാനുണ്ടായ സാഹചര്യം വ്യക്തമല്ല.
- റോഡ് ഉയർത്തലും ടാറിംഗും വിഭാവനം ചെയ്ത പദ്ധതി പിന്നീട് റീകാസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി കൾവർട്ട് നിർമ്മാണവും, ചെറിയ ദൂരം കോൺക്രീറ്റ് പ്രവൃത്തിയുമാണ് നടന്നത്. പ്രസ്തുത റോഡിന്റെ ഗുണഭോക്താക്കൾ അവിടെ വെള്ളക്കെട്ടുള്ള ഭാഗമായതിനാൽ കൾവെർട്ട് അത്യാവശ്യമാണെന്ന് നിർദ്ദേശിച്ചതാണ് എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്യുന്നതിനു കാരണമായി കാണുന്നത്. ഗുണഭോക്താക്കളുടെ ആവശ്യങ്ങളല്ല പദ്ധതികളായി രൂപപ്പെടുന്നതെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു.
- എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്ത അവസരത്തിൽ സാങ്കേതികാനുമതി ലഭ്യമായതായി കാണുന്നില്ല.
- മണിയൂർ ഗ്രാമപഞ്ചായത്തിലെ മേൽ റോഡിന്റെ പദ്ധതിയ്ക്കായി ഗ്രാമപഞ്ചായത്തിന്റെ അനുമതി ലഭ്യമായതിന്റെ വിവരം ഫയലിലില്ല.
- കൾവെർട്ടിന്റെ മണ്ണെടുക്കുന്ന പ്രവൃത്തിയ്ക്കായി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് DARലെ ഐറ്റം 11.1.1.1ആണ്. ഈയിനത്തിന്റെ വിവരണം പരിശോധിച്ചാൽ Construction Of Shoring And Bracing, Removal Of Stumps And Other Deleterious Material എന്നീ പ്രവൃത്തികളെല്ലാം ഉൾപ്പെടുന്ന ഐറ്റമാണിതെന്ന് കാണാം. അളവു പുസ്തക പ്രകാരം 15 Cm മാത്രം ആഴത്തിലാണ് മണ്ണെടുക്കുന്ന പ്രവൃത്തി നടന്നതെന്ന് വ്യക്തമാണ്. ചെറിയ ആഴത്തിൽ മണ്ണെടുക്കുന്നതിന് മേൽ ഇനം

ഉൾപ്പെടുത്താനുണ്ടായ സാഹചര്യം വ്യക്തമല്ല.

- മുകളിൽ വിവരിച്ച രീതിയിൽ പ്രവൃത്തിയിൽ സമൂലമായ മാറ്റം വരുത്തി പ്രവൃത്തി നിർവ്വഹിച്ചതിനാൽ ആദ്യ വർഷത്തിൽ വകയിരുത്തിയ ഫണ്ട് ചെലവഴിക്കാൻ സാധിക്കാതെ വരികയും പ്രസ്തുത തുക കൂടി തുടർവർഷത്തെ ഫണ്ടിൽ നിന്നും കണ്ടെത്തേണ്ടതായും വന്നു.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനും, രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-11 പദ്ധതി രൂപീകരണ നിർവ്വഹണത്തിലെ അപാകതകൾ

2019-20 വർഷത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർക്ക് നിർവ്വഹണം നടത്താനുണ്ടായിരുന്നത് സ്പിൽഓവർ പ്രവൃത്തികളുൾപ്പെടെ ആകെ 38 പദ്ധതികളാണ്. പദ്ധതികളുടെ ആകെ ചെലവു ശതമാനം പരിശോധിച്ചാൽ ഭൂരിഭാഗം ചെലവും സ്പിൽഓവർ പദ്ധതികൾക്കാണ് വിനിയോഗിച്ചതെന്ന് കാണാം. വിശദാംശം ചുവടെ കൊടുക്കുന്നു,

| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ |
|---|---|---|
| ആകെ പദ്ധതികൾ | 10 | 28 |
| പുതിയവ | 2 | 19 |
| സ്പിൽഓവർ പദ്ധതി | 8 | 9 |
| ആകെ ചെലവ് | 2289280 | 4238656 |
| തൻവർഷ പദ്ധതികളുടെ ചെലവ് | 391486 | 1613376 |
| സ്പിൽഓവർ ചെലവ് | 1897794 | 2625280 |
| സ്പിൽഓവർ പദ്ധതിചെലവ് ശതമാനം | 83% | 62% |

നിർവ്വഹണത്തിനായി തയ്യാറാക്കിയ പദ്ധതികളുടെ വിശദാംശം പരിശോധിച്ചാൽ വർഷങ്ങൾക്കു മുമ്പേ തയ്യാറാക്കിയ പദ്ധതികളും, ബഹുവർഷ പദ്ധതികളുമാണ് ഈ വർഷത്തിൽ ഉൾപ്പെട്ടിരിക്കുന്നതെന്ന് കാണാം. 2016-17 വർഷം മുതൽ നിർവ്വഹണം നടത്തിയ പദ്ധതികൾ വരെ ഈ കാലയളവിൽ ഉൾപ്പെട്ടതായി കാണുന്നു. ഉദാ:പയംകുറ്റിമല കംഫർട്ട് സ്റ്റേഷൻ നിർമ്മാണം. പദ്ധതി നിർവ്വഹണത്തിൽ പൊതുവായി കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു,

1. പദ്ധതികൾ സമഗ്രമായി തയ്യാറാക്കുന്നില്ല

ഓരോ വർഷവും തയ്യാറാക്കുന്ന പദ്ധതികൾ പരിശോധിച്ചാൽ മുൻവർഷത്തിൽ നിർവ്വഹണം നടത്തിയ പ്രവൃത്തികളുടെ പൂർത്തീകരണത്തിനായി തയ്യാറാക്കുന്നവയാണെ ന്ന് കാണാം. ബ്ലോക്ക് ഓഫീസിലെ വിവിധ അറ്റകുറ്റ പണികൾ പോലും മുഴുവനായി മനസ്സിലാക്കി ഒറ്റ പദ്ധതിയായി തയ്യാറാക്കുന്നില്ല. അതുകൊണ്ടു തന്നെ ഒരു നിർമ്മാണം പൂർത്തീകരിക്കുന്നതിന് ഒരേ വർഷത്തിൽ തന്നെയും/തുടർവർഷങ്ങളിലും വീണ്ടും പുതിയ പദ്ധതികൾ തയ്യാറാക്കേണ്ടി വരുന്നു. വിവിധ മേഖലകളിലായി തയ്യാറാക്കുന്നതിനാണ് പദ്ധതികൾ ചെറിയ തുകയ്ക്ക് തയ്യാറാക്കാൻ ശ്രമിക്കുന്നതെങ്കിൽ പോലും, ഒരേ മേഖലയിലെ പ്രവൃത്തികൾ പോലും വ്യത്യസ്ത പദ്ധതിയായി രൂപീകരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടു. ഉദാഹരണമായി പ്രോജക്ട് നമ്പർ 51, 52 എന്നിവ പശ്ചാത്തല മേഖലയിൽ

തയ്യാറാക്കിയ പദ്ധതികളാണ്. ആദ്യത്തേത് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ കെട്ടിടം പുനരുദ്ധാരണത്തിനും രണ്ടാമത്തേത് ബ്ലോക്ക് ഓഫീസ് കോൺഫറൻസ് ഹാൾ നവീകരണവുമാണ്. ഒരേയിനം പ്രവൃത്തി പോലും ഒറ്റ പദ്ധതിയായി തയ്യാറാക്കാതെ വ്യത്യസ്ത പ്രോജക്ടുകളാക്കി. സി.എച്ച്.സി.യിലും, ബ്ലോക്ക് ഓഫീസ് കോമ്പൗണ്ടിലും മഴ വെള്ളസംഭരണി നിർമ്മിക്കുന്നതിന് ഒരേ സമയം ഒരേ അടങ്കലിൽ(300000/- രൂപ) ഉത്പാദന മേഖലയിൽ വ്യത്യസ്ത പദ്ധതിയാണ് രൂപീകരിച്ചത്.

2. ബഹു വർഷ പദ്ധതികൾ തയ്യാറാക്കുന്നുവെങ്കിലും ആയതിന്റെ ഗുണം ലഭ്യമാകുന്നില്ല

വലിയ അടങ്കലിലും, സമഗ്രമായും പദ്ധതികൾ തയ്യാറാക്കുമ്പോൾ ലഭ്യമായ വിഭവ സ്രോതസ്സ് പരിമിതമാണെങ്കിൽ പദ്ധതികൾ ബഹുവർഷ പദ്ധതികളായി രൂപീകരിക്കാം. ഇത്തരത്തിൽ ബ്ലോക്ക് പഞ്ചായത്തിൽ വിവിധ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. വിവിധ റോഡ് പ്രവൃത്തികൾ ഇതിനുദാഹരണമാണ്. 2018-19 വർഷത്തിൽ ഇത്തരത്തിൽ തയ്യാറാക്കിയ റോഡ് പ്രവൃത്തികളാണ് പ്രോജക്ട് നമ്പർ 43/20, 44/20, 45/20, 49/20, 50/20എന്നിവ. ഈ പ്രവൃത്തികളുടെ നിർവ്വഹണം പരിശോധിച്ചാൽ ആദ്യ വർഷത്തിൽ യാതൊരു ചെലവും ഉണ്ടാകാതെ മുഴുവൻ ചെലവും 2019-20കാലഘട്ടത്തിൽ നടന്നിരിക്കുന്നത് കാണാം. ഉദാഹരണം പ്രോജക്ട് നമ്പർ 45, 49, 50 എന്നിവ. ബഹുവർഷ പദ്ധതികൾ തയ്യാറാക്കുമ്പോൾ വിഭാവനം ചെയ്യുന്ന രീതിയിൽ വിഭവ വിനിയോഗം ഉറപ്പു വരുത്താത്തു മൂലം അതതു വർഷത്തേയ്ക്ക് ലഭിക്കുന്ന ഫണ്ടുകളുടെ നഷ്ടപ്പെടലിനും, തുടർവർഷത്തെ ഫണ്ടിൽ നിന്നും കണ്ടെത്തുന്നതു വഴി ആ വർഷത്തേയ്ക്ക് ഫണ്ട് മതിയാകാത്ത അവസ്ഥയും സംജാതമാകുന്നു.

3. പ്രവൃത്തികൾ ഭാഗികമായി നടപ്പാക്കുന്നു

പ്രോജക്ടുകളിലൂടെ വിഭാവനം ചെയ്യുന്ന പ്രവൃത്തികൾ പൂർത്തീകരിക്കാതെ പദ്ധതികൾ ഒഴിവാക്കുന്നു. ഉദാഹരണമായി 2018-19 വർഷത്തിൽ 3,00000/-അടങ്കലിൽ തയ്യാറാക്കിയ പദ്ധതിയാണ് ബ്ലോക്ക് ഓഫീസ് ഘടക സ്ഥാപനങ്ങളുടെ ചുറ്റുമതിൽ പ്ലാസ്റ്ററിംഗ്. 262 മീറ്റർ നീളത്തിൽ 1205.2 M2 വ്യാപ്തിയിൽ പ്ലാസ്റ്ററിംഗ് ആണ് എസ്റ്റിമേറ്റിലുണ്ടായിരുന്നത്. എന്നാൽ ഈ പദ്ധതിയിൽ ആകെ ചെലവ് 27538/-രൂപയാണ് (2019-20വർഷത്തിൽ). വെറും 115.18M2 മാത്രമാണ് ഇതിൽ പ്രവൃത്തി നടന്നത്. യഥാർത്ഥ ആവശ്യത്തിനല്ല പദ്ധതി തയ്യാറാക്കിയതെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു.

4. സ്പിൽഓവർ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല/പ്രവൃത്തി പൂർത്തീകരിക്കാതെ ഒഴിവാക്കുന്നു

തൻവർഷ വാർഷിക പദ്ധതിയിൽ സ്പിൽഓവർ പദ്ധതികളായി ഉൾപ്പെട്ട പദ്ധതികളിൽ പലതിലും തൻവർഷവും ചെലവില്ല. ഈ പദ്ധതികളുടെ വിശദാംശം പരിശോധിച്ചാൽ ചിലത് ക്യൂബില്ലുകളാവുകയും, മറ്റുള്ളവ അപൂർണ്ണമായ അവസ്ഥയിൽ ഒഴിവാക്കിയതായും കാണുന്നു. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്ന സ്പിൽഓവർ പ്രോജക്ടുകളിൽ ഭേദഗതിയില്ലാത്തവ തുടർവർഷം ഏപ്രിൽ മാസം മുതലേ നിർവ്വഹിക്കാമെന്നിരിക്കെ സ്പിൽഓവർ പദ്ധതി ബില്ലുകൾ ക്യൂബില്ലിൽ ഉൾപ്പെടുന്നത് നിർവ്വഹണത്തിലെ കാലതാമസം വെളിവാക്കുന്നു.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർവ്വഹണം നടത്താനുണ്ടായിരുന്ന സ്പിൽ ഓവർ പദ്ധതികളായ പ്രോ.നം. 73/20, 74/20 (സി.എച്ച്.സി.യിലും, ബ്ലോക്ക് പഞ്ചായത്തിലും മഴവെള്ള സംഭരണി നിർമ്മാണം) എന്നിവയിൽ തൻവർഷം ചെലവില്ല. ഈ പദ്ധതിയുടെ വിശദാംശം പരിശോധിച്ചപ്പോൾ തുടർവർഷത്തിൽ ഇവ ഉപേക്ഷിച്ചതായി കാണുന്നു. പ്രവൃത്തിയുടെ വിശദാംശം (അളവുപുസ്തക പ്രകാരം) പരിശോധിച്ചപ്പോൾ രണ്ടു പ്രവൃത്തികളും അപൂർണ്ണമായി പൂർത്തീകരിച്ചതായി കാണുന്നു. മഴവെള്ള സംഭരണിയുടെ സിവിൽ പ്രവൃത്തികൾ പൂർത്തീകരിച്ചെങ്കിലും, ഇതിലേയ്ക്കാവശ്യമായ ഫിൽടെർ സംവിധാനങ്ങളും, മേൽക്കൂരയിൽ നിന്നും വെള്ളത്തിന്റെ സംഭരണത്തിനായി പൈപ്പു കണക്ഷനുകളും ചെയ്തിട്ടില്ല. രണ്ടു പ്രവൃത്തികളുടെയും ഫൈനൽ ബിൽ നൽകിയിട്ടില്ല. മഴവെള്ള സംഭരണികൾ രണ്ടിടത്തും ഉപയോഗശൂന്യമായി കിടക്കുകയാണ്.

മുകളിൽ കൊടുത്തവിധം പദ്ധതികൾ തയ്യാറാക്കി നടപ്പാക്കുന്നതിലെ അപാകത മൂലം തൻവർഷ പദ്ധതികളുടെ ചെലവ് കുറഞ്ഞ് ഭൂരിഭാഗം ചെലവും മുൻവർഷത്തെ പദ്ധതികൾക്കായി മാറ്റി വയ്ക്കുന്ന അവസ്ഥയാണ് ബ്ലോക്ക് പഞ്ചായത്തിൽ നിലവിലുള്ളത്. പദ്ധതികൾ രൂപീകരിക്കുന്നതിൽ കൃത്യമായ ആസൂത്രണത്തിന്റെ അഭാവം ഇവിടെ വ്യക്തമാകുന്നു. പദ്ധതി ആസൂത്രണ/നിർവ്വഹണം കൂടുതൽ കാര്യക്ഷമമാക്കുന്നതിലേയ്ക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. മേൽ അപാകതകളിലേയ്ക്ക് നയിച്ച സാഹചര്യം വിശദീകരിക്കേണ്ടതാണ്.

## 1-12 ഭിന്നശേഷിക്കാർക്ക് മുച്ചക്രവാഹനം പദ്ധതി നടത്തിപ്പിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥ- സി ഡി പി ഒ

മുച്ചക്രവാഹനം വിതരണം ചെയ്യുന്നതിനായി നടപ്പിലാക്കിയ പദ്ധതിയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) 19 - 20 വർഷത്തിൽ നടപ്പിലാക്കിയ പദ്ധതി യിൽ (13 /19 – 20) 49700 രൂപ ചെലവുള്ള പദ്ധതിയിൽ (തുക ചെലവഴിച്ചത് 20-21 ൽ ആണ്) 7 ഗുണഭോക്താക്കൾക്ക് മുച്ചക്രവാഹനം വിതരണം ചെയ്തിട്ടുണ്ട് . ഇതിൽ ശ്രീ. അജിത് .സി.പി, ശ്രീമതി. സഹദിയ എന്നീ ഗുണഭോക്താക്കളുടെ ഡ്രൈവിംഗ് ലൈസൻസ് /ലേണേഴ്സ് ലൈസൻസ് ലഭ്യമാക്കിയിട്ടില്ല .

2) ബ്ലോക്ക് പഞ്ചായത്ത് 'ട്രൈസം ഹാളിൽ ഒരു മുച്ചക്രവാഹനം സൂക്ഷിച്ചതായി കാണുന്നു . (റജി.നമ്പർ KL 18/T 2878 )വാഹനം ഏതു വർഷത്തെ പദ്ധതി പ്രകാരം വാങ്ങിയതാണ് എന്നും, വാഹനം ഗുണഭോക്താവിന് നൽകാതെ തുരുമ്പെടുത്ത് നശിക്കുന്ന അവസ്ഥയിൽ സൂക്ഷിച്ചിരിക്കുന്നതിന് കാരണവും വ്യക്തമല്ല. ഇതു സംബന്ധിച്ച ഒരു ഫയലും സി.ഡി.പി.ഒ സൂക്ഷിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

മേൽ പരാമർശങ്ങൾ സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും, അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതുമാണ്.

## 1-13 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് പദ്ധതി നടത്തിപ്പിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥ- സി.ഡി.പി.ഒ

ചെലവ് തുക - 1814675 (വികസന ഫണ്ട് ജനറൽ)

പദ്ധതി പ്രകാരം താഴെ കാണിച്ച പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് പദ്ധതി നടത്തിപ്പിനായി തുക കൈമാറിയിട്ടുണ്ട്

| ഗ്രാമപഞ്ചായത്ത് | നൽകിയ തുക | ബിൽ നമ്പർ തിയ്യതി |
|---|---|---|
| മണിയൂർ | 375000 | 14494/29.8.19 |
| വില്ല്യാപ്പള്ളി | 449475 | 14989/29.819 |
| ആയഞ്ചേരി | 304050 | 758841/29.8.19 |
| തിരുവള്ളൂർ | 520800 | 815939/13.11.19 |
| | 165350 | വിശദാംശം ലഭ്യമായില്ല |

പദ്ധതി നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) മണിയൂർ ,വില്ല്യാപ്പള്ളി, ആയഞ്ചേരി എന്നീ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയ തുകകളുടെ വിനിയോഗ വിവരം ലഭ്യമായിട്ടില്ല.

2) പദ്ധതിയിൽ ചെലവഴിച്ച് 165350 രൂപ ഏത് പഞ്ചായത്തിന് ആണ് നൽകിയിട്ടുള്ളത് എന്ന് വ്യക്തമല്ല ബില്ലിൽ ട്രാൻസ്ഫർ വിശദാംശങ്ങൾ പൂജ്യം ആയിട്ടാണ് കാണിച്ചിട്ടുള്ളത്.

3) ആയഞ്ചേരി ഗ്രാമ പഞ്ചായത്തിന്റെ പ്രൊജക്ട് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം രേഖകൾ സഹിതം ലഭ്യമാക്കുന്നത് വരെ 1293875 രൂപയുടെ ചെലവ് (1814675-520800) തടസ്സത്തിൽ വയ്ക്കുന്നു.

## 1-14 പ്രദർശന മാതൃകാ കൃഷിത്തോട്ടംപദ്ധതി നടത്തിപ്പിലെ അപാകതകൾ

പദ്ധതി നമ്പർ - 38/19-20

ചെലവ് തുക - 120000 വികസന ഫണ്ട്

ബിൽ നമ്പർ, തീയതി - 153014/27.20 ,393411/3.3.20

ജനങ്ങളിൽ കാർഷിക ആഭിമുഖ്യം പ്രോത്സാഹിപ്പിക്കുന്നതിന് പ്രദർശന മാതൃകാ കൃഷിത്തോട്ടങ്ങൾ ഉണ്ടാക്കുന്ന കർഷകർക്ക് സബ്സിഡി നൽകുന്നതിനാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് . പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു

1)ഗ്രാമപഞ്ചായത്തുകൾ അറിയാതെ പദ്ധതി നടപ്പിലാക്കി

തിരുവള്ളൂർ, മണിയൂർ, ആയഞ്ചേരി, വില്ല്യാപ്പള്ളി എന്നീ ഗ്രാമപഞ്ചായത്തുകളിൽ നിന്ന് നിർദ്ദേശങ്ങൾ സ്വീകരിച്ചാണ് പദ്ധതി തയ്യാറാക്കേണ്ടിയിരുന്നത്. 30.12.19, 31.1.20, 22.2.20 എന്നീ തീയതികളിൽ യോഗം ചേർന്നിട്ടുള്ള വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ ഒന്നും ഈ പദ്ധതി സംബന്ധിച്ച് ചർച്ച ചെയ്തിട്ടില്ല. 400000 രൂപ വകയിരുത്തി തയ്യാറാക്കിയിട്ടുള്ള പദ്ധതിയിൽ ഗ്രാമപഞ്ചായത്തിൽ നിന്ന് ലിസ്റ്റ് ലഭിക്കാത്തതിനാൽ 120000 രൂപ മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളത്. നിർവ്വഹണ ഉദ്യോഗസ്ഥ ബി-79/ 19-20 നമ്പർ കത്ത് പ്രകാരം 17.7.19,22.8.19,15.10.19 എന്നീ തീയതികളിൽ ഗുണഭോക്തൃലിസ്റ്റ് ലഭ്യമാക്കുന്നതിന് വേണ്ടി ഗ്രാമപഞ്ചായത്തുകൾക്ക് കത്തയച്ചതിന്റെ അടിസ്ഥാനത്തിൽ വില്ല്യാപള്ളി 7 പേരുടെയും തിരുവള്ളൂർ 19 പേരുടെയും ഗുണഭോക്തൃലിസ്റ്റ് ലഭ്യമാക്കി . മണിയൂർ ഗ്രാമപഞ്ചായത്തും ആയഞ്ചേരി ഗ്രാമപഞ്ചായത്തും ഗുണഭോക്തൃലിസ്റ്റ് സമർപ്പിച്ചിട്ടില്ല .മണിയൂർ ഗ്രാമപഞ്ചായത്ത് 17 -10 19 ന് അയച്ച മറുപടി കത്തിൽ മണിയൂർ ഗ്രാമപഞ്ചായത്ത് മാതൃകാ കൃഷിത്തോട്ടം പദ്ധതിയ്ക്ക് ഗ്രാമസഭാ പട്ടിക തയ്യാറാക്കിയിട്ടില്ലെന്നും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന ഗ്രാമസഭ യോഗം ചേരുന്ന സമയത്ത് മേൽ പദ്ധതിയ്ക്കായി ഗുണഭോക്താക്കളെ തിരഞ്ഞെടുക്കേണ്ടത് സംബന്ധിച്ച വിവരങ്ങൾ ഒന്നും ലഭിച്ചിരുന്നില്ല എന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇതിൽ നിന്നും ഗ്രാമപഞ്ചായത്തിന്റെ അറിവോടെയും അവരുടെ ആവശ്യകതയും അനുസരിച്ചല്ല പദ്ധതി നടപ്പിലാക്കിയത് എന്ന് വ്യക്തമാണ്.

2) ഗുണഭേക്താക്കളെ തെരഞ്ഞെടുത്തതിലെ അപാകത

വില്യാപ്പള്ളി ഗ്രാമപഞ്ചായത്ത് 7 ഗുണഭോക്താക്കളുടെയും തിരുവള്ളൂർ 19 ഗുണഭോക്താക്കളുടെയും ലിസ്റ്റ് സമർപ്പിച്ചിട്ടുണ്ട് രണ്ട് ഗ്രാമപഞ്ചായത്തിലും 100 മാർക്ക് കിട്ടിയ ഗുണഭോക്താക്കളെ ഒഴിവാക്കി, വില്യാപ്പള്ളി ഗ്രാമപഞ്ചായത്ത് 7 ഗുണഭോക്താക്കളുടെ ലിസ്റ്റിൽ നിന്നും മാർക്ക്പൂജ്യം കാണിച്ച ഗുണഭോക്താവിനും തിരുവള്ളൂർ ഗ്രാമ പഞ്ചായത്ത് ലിസ്റ്റിൽ ക്രമ നമ്പർ 13, 14, 18 എന്നീ ഗുണഭോക്താക്കൾക്കാണ് 30000 രൂപ വീതം അനവദിച്ചിട്ടുള്ളത്. ഗ്രാമ സഭാലിസ്റ്റിലെ സീനിയോറിറ്റി പരിഗണിക്കാതിരുന്നത് ഗുരുതരമായ വീഴ്ചയാണ്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നടത്തിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നത് വരെ 120000 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു

## 1-15 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

ഗ്രാമപഞ്ചായത്തുകൾക്ക് വിവിധ പദ്ധതികൾക്ക് വിഹിതം നൽകിയിട്ടുണ്ട്. അതിൽ വിനിയോഗ സാക്ഷ്യ പത്രം ലഭിക്കാത്തവയുടെ വിശദാംശം താഴെ ചേർക്കുന്നു

| ക്രമ നം | പദ്ധതിയുടെ നമ്പർ/പേര് | ചെലവ് തുക | ബിൽ നം | നിർവഹണോദ്യോഗസ്ഥന്റെ പേര് | റിമാർക്സ് |
|---|---|---|---|---|---|
| 1 | 38)ക്ഷീര കർഷകർക്ക് മിൽക് ഇൻസെന്റീവ് | 339857/-<br>160143/- | 74/06-12-2019<br>134/03-02-2020 | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | തിരുവള്ളൂർ-500000/- |
| | | 328992/-<br>171008/- | 113/27-01-2019<br>156/27-02-2020 | | മണിയൂർ -500000/- |
| | | 379843/-<br>120157/- | 135/03-02-2020<br>157/27-02-2020 | | വില്യാപ്പള്ളി-500000/- |
| | | 449559/-<br>50441/- | 73/06-12-2019<br>114/27-01-2020 | | ആയഞ്ചേരി-500000/- |
| | | | | ആകെ | 2000000/- |
| 2 | 24 പച്ചക്കറിക്ക് കൂലിചെലവ്-സബ്സിഡി | 50000/- | 65/13-11-2019 | കൃഷി അസി ഡയറക്ടർ | തിരുവള്ളൂർ-50000/- |
| | 18 നെൽകൃഷി കൂലിചെലവ് | 250000/- | 67/18-11-2019 | കൃഷി അസി ഡയറക്ടർ | തിരുവള്ളൂർ-250000/- |
| | ആകെ | | | | 3,000,00/- |

ഗ്രാമപഞ്ചായത്തുകളുടെ TSB അക്കൗണ്ടുകളിലേക്ക് കൈമാറിയ വിഹിതത്തിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാൻ നടപടി സ്വീകരിച്ച് ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-16 ചെറുകിട വ്യവസായ മേഖലയിലെ പദ്ധതി നിർവ്വഹണം കാര്യക്ഷമമല്ല

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 172(1) പ്രകാരം ചെറുകിട വ്യവസായ മേഖലയിൽ ബ്ലോക്ക് പഞ്ചായത്തിന്റെ മേഖലപരമായ ചുമതലകൾ താഴെ ചേർക്കുന്നു

1)മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപിക്കുക

2)വ്യവസായ മേഖലയിൽ സ്വയം തൊഴിൽ പദ്ധതികൾ ആവിഷ്കരിക്കുക

3)SSIയുടെ മൂന്നിലൊന്ന് നിക്ഷേപ പരിധിയോടു കൂടിയ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക തുടങ്ങിയവയാണ്.

ഇതിൽ വ്യവസായ മേഖലയിലെ സ്വയം തൊഴിൽ പദ്ധതികൾ ആവിഷ്കരിക്കുക എന്ന ലക്ഷ്യം മുൻ നിർത്തിയാണ് 2019-20 വർഷം പ്രധാനമായും പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളത് അവയുടെ വിശദാംശം താഴെ ചേർക്കുന്നു

| ക്രമ നം | പദ്ധതിയുടെ പേര്/ നമ്പർ | അടങ്കൽ | ചെലവ് | റിമാർക്സ് |
|---|---|---|---|---|
| 1 | 31 വനിതാ ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സംരംഭം | 2200000 | 0 | നടപ്പിലാക്കിയില്ല |
| 2 | 34 വനിതാ ഗ്രൂപ്പുകൾക്ക് വസ്ത്ര നിർമാണ/ടെയിലറിങ് സംരംഭം | 900000 | 0 | നടപ്പിലാക്കിയില്ല |
| 3 | 72 ഖാദി ഉൽപാദന യൂനിറ്റുകൾക്ക്(വനിത)നെയ്ത്ത് അനുബന്ധ ഉപകരണങ്ങൾ | 475000 | 459461 | നടപ്പിലാക്കി |
| 4 | പ്ലാസ്റ്റിക്ക് ഷ്രഡ്ഡിങ് യൂനിറ്റിലേക്ക് യന്ത്രങ്ങൾ വാങ്ങൽ | 949760 | 0 | നടപ്പിലാക്കിയില്ല |
| | ആകെ അടങ്കൽ/ചെലവ് | 4524760 | 459461 | |

തൻവർഷം ആകെ വകയിരുത്തിയ 4524760 രൂപയിൽ 459461 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത് (10.15 ശതമാനം മാത്രം) 2019-20 സാമ്പത്തിക വർഷം നടപ്പിലാക്കേണ്ട പദ്ധതികൾ യഥാസമയം നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചിട്ടില്ല. ഇത് മൂലം പഞ്ചായത്തിൽ ചെറുകിട വ്യവസായ മേഖലയിൽ ചെയ്യേണ്ട പ്രവർത്തനങ്ങൾ അവഗണിക്കപ്പെട്ടുവെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. വിശദീകരണം നൽകേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പയംകുറ്റിമല സാനിറ്റേഷൻ ആന്റ് കംഫർട്ട് സ്റ്റേഷൻ - അഡ്വാൻസ് അഡ്ജസ്റ്റ് ചെയ്യാതെ ഫൈനൽ ബിൽ നൽകി

2019-20 വർഷത്തിൽ രണ്ടു വ്യത്യസ്ത പദ്ധതിയിലൂടെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും, അസിസ്റ്റന്റ് എഞ്ചിനീയറും പയംകുറ്റിമല കംഫർട്ട് സ്റ്റേഷനായി തുക ചെലവഴിച്ചിട്ടുണ്ട്. പയംകുറ്റിമല ഇക്കോ ടൂറിസം മേഖലയിൽ പയംകുറ്റിമല ഇക്കോ ടൂറിസം കമ്മിറ്റിയുടെ ഉടമസ്ഥതയിലുള്ള 54സെന്റ്

സ്ഥലത്ത്(വിട്ടു നൽകുന്ന രണ്ടു സെന്റ് സ്ഥലം) കംഫർട്ട് സ്റ്റേഷൻ നിർമ്മിക്കുന്നതാണ് പദ്ധതി. 2016-17, 2017-18 വർഷങ്ങളിലായി രൂപീകരിച്ച ഈ പ്രവൃത്തികളുടെ ഫൈനൽ ബിൽ നൽകുന്നതാണ് തൻവർഷം ഉൾപ്പെട്ട ചെലവ്.

പദ്ധതി ഫയൽ പരിശോധിച്ചതിൽ പദ്ധതി ആരംഭത്തിൽ ULCCS Ltd ന് 352500/- രൂപ അഡ്വാൻസ് നൽകിയതായും, തുടർന്ന് ഒന്ന്, രണ്ട് പാർട്ട് ബില്ലുകളിലായി യഥാക്രമം 483752/-, 400764/- രൂപ നൽകിയതായും കാണുന്നു. രണ്ടാമത്തെ പാർട്ട് ബിൽ നൽകിയപ്പോൾ ആദ്യം അനുവദിച്ച അഡ്വാൻസ് തുകയുടെ 80% തുക (282000/-)അഡ്ജസ്റ്റ് ചെയ്താണ് തുക അനുവദിച്ചത്. എന്നാൽ ഫൈനൽ ബിൽ അനുവദിച്ചപ്പോൾ(168027/-ബിൽ നം.12/19-20/5.9.19) ബാക്കി അഡ്വാൻസ് തുക 70500/-അഡ്ജസ്റ്റ് ചെയ്തതായി കാണുന്നില്ല. ആയത് പരിശോധിച്ചുറപ്പു വരുത്തേണ്ടതാണ്. അഡ്വാൻസ് തുക മുഴുവനായി തിരിച്ചു പിടിക്കാതെ ഫൈനൽ ബിൽ നൽകിയത് വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും, അധികമായി നൽകിയ 70500/- രൂപ സൊസൈറ്റിയിൽ നിന്നും ഈടാക്കാത്ത പക്ഷം നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | ഓഡിറ്റ് കാലയളവ് | ഇതേ നമ്പർ സർട്ടിഫിക്കറ്റ് |

### 4-2 സംയുക്ത പ്രൊജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2019-20 | 94000 | യുവ കലാകാരന്മാർക്കുള്ള വജ്രജൂബിലി ഫെല്ലോഷിപ്പ് | 94000 | 0 |

### 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

-ഇല്ല-

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസായി തുക നൽകിയിട്ടില്ല.

### 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ | ഉത്തരവ് | സാമ്പ | തൻ | വർഷാരം | തൻവർഷം | വർഷാ |
|---|---|---|---|---|---|---|

| പേര്/ ഉദ്ദേശ്യം | നമ്പർ/ തിയ്യതി | ത്തിക വർഷം | വർഷം എടു ത്ത വായ്പ ഇക | ഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയു ണ്ടായിരുന്ന തുക | തിരിച്ചടച്ച തുക | | വസാനം തിരിച്ചട യ്ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഐ.എ.വൈ ഗുണഭോക്താ ക്കൾക്ക് നൽകുവാ നുള്ള അധിക ധനസഹായം | ജി.ഒ(എം.എസ്) നമ്പർ 90/2013 ത.സ്വ.ഭ.വ തീയതി: 14-3-2013. | 2019-20 | - | 3515220 | - | - | 3515220 |
| ആകെ | | | | | | | 3515220 |

4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | | 2001-02 | പൊതു പരാമർശം | 1.ഡിസ്ട്രിബ്യൂട്ടറി കനാൽ ഉപയോഗ യോഗ്യമാക്കൽ 2) ട്രൈസം ട്രെയിനിംഗ് സെന്റർ കെട്ടിട നിർമ്മാണം | |
| 2003-04 | 3-1 | 2005-06 | പൊതു പരാമർശം | സാങ്കേതിക നിർദ്ദേശം പാലിക്കുന്നില്ല. മരാമത്ത് | നിലവിലെ സ്ഥിതിവിവരം ലഭ്യമാക്കേ ണ്ടതാണ്. |

| | | | | | |
|---|---|---|---|---|---|
| | | | | പ്രവർത്തികളിൽ ലക്ഷങ്ങളുടെ നഷ്ടം | |
| 2002-03 | 12,13 | 2005-06 | പൊതു പരാമർശം | ഭവന നിർമ്മാണം ധനസഹായം കൈപറ്റിയിട്ടും നിർമ്മാണം പൂർത്തിയാക്കുന്നില്ല | നിലവിലെ സ്ഥിതിവിവരം ലഭ്യമാക്കേണ്ടതാണ്. |
| 2013-14 | 3-2<br>4-1 | 2014-15 | പൊതു പരാമർശം | 1. വസ്തുവകകൾ കാട് പിടിച്ചു കിടക്കുന്നു.<br>2. ഉപയോഗ ശൂന്യമായ കാർഷിക ഉപകരണങ്ങൾ | |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | സർട്ടിഫിക്കറ്റ് നം./തീയതി | ഉൾപ്പെട്ട തുക |
|---|---|---|
| 1999-2000 | ഖ നം.269,37, 38(3), 29(2) | എൽ.എഫ്.15351/സ്പെ.സെൽ.സി13 5/03 തീയതി.15.01.15 – 7425/- |
| 2000-01 | ഖണ്ഡിക നം.30(1), 33, 37, 350 | എൽ.എഫ്.153/52/ സ്പെ.സെൽ. എസ്.സി.5/03 തീയതി.21.02.03 - 86348/- |

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 27777536 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 37596472 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 70500 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3713875 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടമായ തുക | ഉത്തരവാദിയായ |
|---|---|---|

| നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 1-8 | - | 70500 | ശ്രീമതി.രാഗിന.കെ.ജി, അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 1293875 | ശ്രീമതി.തസ്ലീന.എൻ.പി,സി.ഡി.പി.ഒ |
| 1-14 | 120000 | ശ്രീമതി. നസീമ.കെ.കെ,കൃഷി അസി ഡയറക്ടർ |
| 1-15 | 2000000 | ശ്രീ.മാർട്ടിൻ സനൽകുമാർ.ജി, ഡയറി എക്സ്റ്റെൻഷൻ ഓഫീസർ |
| 1-15 | 300000 | ശ്രീമതി. നസീമ.കെ.കെ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

-ഇല്ല-

(ഡി)നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | സ്ഥിരം മേൽവിലാസം |
|---|---|
| ശ്രീമതി.രാഗിന.കെ.ജി, അസിസ്റ്റന്റ് എഞ്ചിനീയർ | തണൽ ഹൗസ്, തണ്ടോറപാറ(പി.ഒ), കായണ്ണ(വഴി), കോഴിക്കോട് |
| ശ്രീമതി.തസ്ലീന.എൻ.പി, സി.ഡി.പി.ഒ | കുന്നങ്കൽ ഹൗസ്, വട്ടോളി ബസാർ(പി.ഒ), |

| | |
|---|---|
| | ബാല്യശ്ശേരി |
| ശ്രീമതി. നസീമ.കെ.കെ,<br>കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 4 എ, അന്റ്ഹിന്ദ് റാഹസ്,<br>മെഡിക്കൽ കോളേജ് പി.ഒ,<br>കോഴിക്കോട് |
| ശ്രീ.മാർട്ടിൻ സനൽകുമാർ.ജി,ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | സന ഭവൻ,<br>വ്ലാതങ്കര,<br>തിരുവനന്തപുരം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96,<br>1996-97<br>1997-98 | എൽ.എഫ്.കെ.കെ.ഡി/പി.7-36/ 12(1), 14-02-2012 | 4<br>(22എ (4), 28, 30, 35എ (1,2) |
| 1998-99 | കെ.എസ്.എ.കെ.കെ.ഡി/പി.7/ 2258/16/ 20.05.2017 | 1 (36) |
| 1999-00 | എൽ.എഫ്.കെ.കെ.ഡി/പി.7-36/ 12(11), 28.03.2012 | 7(26(എ), 32, 33, 37, 38(3), 39(2), 41) |
| 2000-01 | എൽ.എഫ്.കെ.കെ.ഡി/പി.7-36/ 12(3), 14.02.2012 | 11<br>(30, 31, 32, 33, 36, 37, 38(3), 39(2), 41, 50, 52 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി/പി.7-36/ 12(4), 14.02.2012 | 3<br>(21, 29, 31) |
| 2002-03 | എൽ.എഫ്.കെ.കെ.ഡി/പി.7-36/ 12(5), 14.02.2012 | 6<br>4(1), 6(2, 3), 7, 8,12, 13 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി/പി.7-36/ 12(6), 14.02.2012 | 2<br>(3-1, 3-5) |
| 2004-05 | കെ.എസ്.എ.കെ.കെ.ഡി/പി.12 /919/20, 4.02.21 | 1<br>(3-3(3) |

| | | |
|---|---|---|
| 2005-06 | കെ.എസ്.എ.കെ.കെ.ഡി/പി.12 /862/20, 28.01.21 | 1 (3-7) |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി/പി.12 /1155/20(2) , 8.10.21 | 1 (3-6 ) |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി/പി.12/ 911/20/4.02.21 | 3( 3-6(എ,സി), 3-9, 3-10) |
| 2008-09 | എൽ.എഫ്.കെ.കെ.ഡി/പി.7-741/12/ 06.07.2012 | 15 1-1, 2-1, 2-2, 3-1,3-2, 3-3, 3-4, 3-5, (3-6(1,2,3), 3-7, 3-8, 3-9, 3-10, 3-11, 3-12) |
| 2009-10 | കെ.എസ്.എ.കെ.കെ.ഡി/പി.12 /267/21/ 14.7.21 | 6 (3-3, 3-4, 3-5, 3-6(1,2,3), 3-10,4-6(ബി) ) |
| 2010-11, 2011-12 | എൽ.എഫ്.കെ.കെ.ഡി/പി.7/1200/ 14/06.11.2014 | 6 (3-1, 3-6, 3-11(1), 3-12, 3-13, 3-14 |
| 2012-13, 2013-14 | കെ.എസ്.എ.കെ.കെ.ഡി/പി.7/ 1240/ 2015/ 07.09.2015 | 9 (3-2, 3-3(1,3), 3-4, 3-5, 3-6, 3-7, 3-8, 3-9, 4-1) |
| 2014-15, 2015-16 | കെ.എസ്.എ.കെ.കെ.ഡി/പി.12 /1155/20/ 11.2.21 | 9 (3-1,3-2,3-3, 3-6,3-7,3-9,3-10,3-11,3-12) |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി/പി.12 /1155/20(1)/ 11.2.21 | 6(3-3, 3-4, 3-5, 3-6,3-7, 3-10) |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി/പി.12 /926/21/8.10.21 | 5 1-12,2-1,3-1 (സി.ഡി),3-3(എ,ബി(2), (3),സി),4-10 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി/പി.12 /212/21/8.7.21 | 5 (1-9(4), (5),(7),1-15,1-16,1-17,1-18) |

ജോയിന്റ് ഡയറക്ടർ
ജില്ല ഓഡിറ്റ് കാര്യാലയം,
കോഴിക്കോട്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ തോടന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ തോടന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്